**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 180** | **11-10-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി. നന്ദകുമാർ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്ത് ഏറ്റവും മികച്ചനിലയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിലൂടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാന ചരിത്രത്തിൽ ആദ്യമായി 10.23 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞു. 2020-21 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ പദ്ധതിയിൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിലെ സ്ത്രീ പങ്കാളിത്തത്തിൽ, കേരളം രാജ്യത്ത് ഒന്നാംസ്ഥാനത്താണ്. സമയബന്ധിത വേതനം വിതരണം നടത്തുന്നതിൽ സംസ്ഥാനം അഞ്ചാം സ്ഥാനത്തും പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ നാലാം സ്ഥാനത്തുമാണ്. ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽ ദിനങ്ങളിൽ (63.24) അഞ്ചാം സ്ഥാനത്തും, പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ ശരാശരി തൊഴിൽ ദിനങ്ങളിൽ (90.98) രാജ്യത്ത് രണ്ടാം സ്ഥാനത്തും സംസ്ഥാനം എത്തിയിട്ടുണ്ട്. പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പ് വരുത്തുന്ന കാര്യത്തിൽ (44.56% കുടുംബങ്ങൾക്ക്) രണ്ടാം സ്ഥാനവും സംസ്ഥാനം നേടിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നേട്ടം കൈവരിക്കുന്നതിനായി വൈവിധ്യമാർന്ന എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ; | (ബി) | ഗ്രാമീണ മേഖലയിലെ പരമാവധി കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനാണ് പദ്ധതിയിൽ മുൻഗണന നൽകുന്നത്. തൊഴിൽ നൽകുന്നതിനൊപ്പം തന്നെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഉപജീവനത്തിന് ഉതകുന്ന വ്യക്തിഗത ആസ്തികളുടെ നിർമ്മാണത്തിനും മുൻഗണന നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി പശുതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി. കഴിഞ്ഞ സാമ്പത്തിക വർഷം 20794 പശുത്തൊഴുത്ത്, 17122 ആട്ടിൻകൂട്, 15225 കോഴിക്കൂട്, കാർഷിക ആവശ്യത്തിനുള്ള 9838 |

| | | | |
|---|---|---|---|
| | | | കുളങ്ങൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ചു നൽകി. പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക്, കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന 100 തൊഴിൽദിനങ്ങൾക്ക് ഉപരിയായി 100 തൊഴിൽ ദിനങ്ങൾ കൂടി നൽകുന്ന 'ട്രൈബൽ പ്ലസ്" പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുകയും അതുവഴി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുകയും ചെയ്തു. അട്ടപ്പാടി, വയനാട്, ആറളം ഫാം തുടങ്ങിയ സ്ഥലങ്ങളിലെ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക്, കേന്ദ്രം നൽകുന്ന വേതനം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന പക്ഷം മുൻകൂർ വേതനം നൽകുന്നതിനും ഈ പദ്ധതി സഹായകമാണ്. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പ് പദ്ധതികളെയും, തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികളെയും തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗങ്ങൾ ചേരുകയുണ്ടായി. കൂടാതെ ഉദ്യോഗസ്ഥരുടെ പ്രതിവാര അവലോകന യോഗങ്ങൾ ചേർന്നും പദ്ധതി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. |
| (സി) | പ്രളയാനന്തരം തൊഴിലുറപ്പ് പദ്ധതി മുഖേന കാർഷിക മേഖലയെ പുനർനിർമ്മിക്കുന്നതിനും കോവിഡ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും എന്തെല്ലാം പുതിയ തീരുമാനങ്ങളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ; | (സി) | സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ സാഹചര്യത്തിലും തുടർന്നുണ്ടായ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലും തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ ഉപജീവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രളയാനന്തരം തൊഴിലുറപ്പ് പദ്ധതി മുഖേന കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി പ്രളയത്തിൽ കൃഷിക്ക് അനുയോജ്യമല്ലാതായി തീർന്ന കൃഷിസ്ഥലം കൃഷിക്ക് ഉപയുക്തമാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശുഭൂമി കൃഷിയോഗ്യമാക്കൽ, ഉപജീവന ആസ്തികളായ പശുതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, സ്വയംസഹായ സംഘങ്ങൾക്കുള്ള വർക്ക് ഷെഡ് എന്നിവയുടെ നിർമ്മാണവും പദ്ധതിയിൽ കൂടുതലായി ഏറ്റെടുത്തു. കൃഷി വകുപ്പ്, കാർഷിക അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണം, ക്ഷീരവികസനം തുടങ്ങിയ വകുപ്പുകളുടെയും സംയോജിപ്പിച്ചുള്ള പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കി. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലുണ്ടായ തൊഴിൽ |

| | | | |
|---|---|---|---|
| | | | നഷ്ടം പരിഹരിക്കുന്നതിനായി പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിച്ചു. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടു തന്നെ തൊഴിൽ നൽകുന്നതിനും അതുവഴി ചരിത്രത്തിൽ ഏറ്റവും കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചു. |
| (ഡി) | തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികളിലും സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | തൊഴിലുറപ്പ് പദ്ധതിയിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പു വരുത്തുന്നതിന് സോഷ്യൽ ഓഡിറ്റിംഗ്, പ്രവൃത്തി സ്ഥലത്ത് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്, ജനകീയ രീതിയിലുള്ള എസ്റ്റിമേറ്റ് സൂക്ഷിക്കൽ എന്നീ സംവിധാനങ്ങൾ ഉണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഫീൽഡുതല പരിശോധനകൾ ഉറപ്പ് വരുത്തിയിട്ടുണ്ട്. തൊഴിലാളികളുടെ ഹാജർ ഉറപ്പുവരുത്തുന്നതിനായി മൊബൈൽ മോണിറ്ററിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ